**File No. DT/40873/2018-F1**

**ഭരണഭാഷ-മാതൃഭാഷ**
**വ്യാവസായിക പരിശീലന വകുപ്പ്**
**(കേരള സംസ്ഥാനം)**

തൊഴിൽഭവൻ, വികാസ് ഭവൻ പി ഒ
തിരുവനന്തപുരം-33

## ഡയറക്ടറുടെ (ഇൻ ചാർജ്)നടപടിക്രമം
## (ഹാജർ:മാധവൻ പി കെ)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- NSQF ലെവൽ പ്രകാരമുള്ള പരിശീലനം നടത്തുന്നതിനു ശ്രീ കെ എസ് ധർമ്മരാജൻ, സ്പെഷ്യൽ ആഫീസറിനെ നിയോഗിച്ചുകൊണ്ടു ഉത്തരവാകുന്നു.

പരാമർശം:- 1) 14.9.2018 തീയതിയിലെ നമ്പരായ ട്രെയിനിംഗ് ഡയറക്ടർ ഇൻ ചാർജിന്റെ ഉത്തരവ്
2) 15.12.2018 തീയതിയിൽ കൂടിയ യോഗത്തിലെ തീരുമാനം

**ഉത്തരവ് നമ്പർ:DT/40873/2018-F1,തീയതി 24/12/2018**

നടപ്പ് സാമ്പത്തിക വർഷം മുതൽ ഡിജിറ്റി നിഷ്ക്കർഷിച്ചിട്ടുള്ള NSQF ലെവൽ പ്രകാരമുള്ള സിലബസ് ഐടിഐകളിൽ നടപ്പിൽ വരുത്തുന്നതിനായി സൂചന (1) പ്രകാരം എല്ലാ ഐടിഐ പ്രിൻസിപ്പാൾമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ ഭാഗമായി സൂചന (2) പ്രകാരം 15.12.2018 നു ട്രെയിനിംഗ്ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടറുടെ ചേംബറിൽ ചേർന്ന ഐടിമാരുടെ യോഗത്തിൽ വെച്ച് സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ഐടിഐകൾക്ക് NSQF ലെവൽ പരിശീലനം താഴെ പറയുന്ന തീയതികളിൽ അതാത് ട്രെയിനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്നതിനായി തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ, ടി പരിശീലനം സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുന്നതിനായി ശ്രീ കെ.എസ്.ധർമ്മരാജൻ, സ്പെഷ്യൽ ആഫീസറിനെ (SUIIT-K, Kazhakuttam) നിയോഗിച്ചുകൊണ്ട് ഉത്തരവാകുന്നു.

| | | |
|---|---|---|
| 1 | Thiruvananthapuram | 03.01.2019 |
| 2 | Kollam | 04.01.2019 |
| 3 | Pathanamthitta | 05.01.2019 |
| 4 | Alappuzha | 04.01.2019 |
| 5 | Kottayam | 03.01.2019 |
| 6 | Ernakulam & Idukki | 03.01.2019 |
| 7 | Thrissur | 04.01.2019 |
| 8 | Palakkad | 03.01.2019 |
| 9 | Malappuram | 04.01.2019 |
| 10 | Kozhikode & Wayanadu | 05.01.2019 |
| 11 | Kannur | 04.01.2019 |
| 12 | Kasargode | 03.01.2019 |

ടി പരിശീലനത്തിൽ എല്ലാ സർക്കാർ ഐടിഐകളിലെയും പ്രിൻസിപ്പാൾമാരും, വൈസ് പ്രിൻസിപ്പാൾമാരും, മാസ്റ്റർ ട്രെയിനിയാകുന്നതിനായി ഒരു സീനിയർ അധ്യാപകനെയും, സ്വകാര്യ ഐടിഐകളിലെ പ്രിൻസിപ്പാൾമാരും, മാസ്റ്റർ ട്രെയിനിയാകുന്നതിനായി ഒരു സീനിയർ അധ്യാപകനെയും പങ്കെടുപ്പിക്കേണ്ടതാണ്. ടി സാഹചര്യത്തിൽ എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാരുടെയും ഉത്തരവാദിത്വത്തിൽ NSQF പരിശീലനം മേൽ സൂചപ്പിച്ചിട്ടുള്ള തീയതികളിൽ നടത്തുന്നതിനായുള്ള സത്വര നടപടി ശ്രീ കെ എസ് ധർമ്മരാജൻ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് 10.01.2019 ന് മുൻപായി സമർപ്പിക്കേണ്ടതാണ്.

**മാധവൻ പി കെ**
**ഡയറക്ടർ ഓഫ് ട്രെയിനിംഗ് (ഇൻ ചാർജ്)**

സ്വീകർത്താവ്: - ശ്രീ കെ എസ് ധർമ്മരാജൻ, സ്പെഷ്യൽ ആഫീസർ, സ്യൂട്ട് കഴക്കൂട്ടം

പകർപ്പ്:- ജോയിന്റ് ഡയറക്ടർ, റീജിയണൽ ഡയറക്ടറേറ്റ്,കണ്ണൂർ